ഉത്തരങ്ങൾ

(1) എഡി 1191 (2) ഹരിയാന (3) ബാബർ, ഇബ്രാഹിം ലോധി (4) 1539ലെ ചൗസായുദ്ധം (5) 1576ലെ ഹാൽഡിഘട്ട് യുദ്ധം (6) ബിരാർ, ബിദാർ, അഹമ്മദ് നഗർ, ബീജാപ്പൂർ, ഗോൽക്കൊണ്ട (7) നാദിർഷാ (8) റോബർട്ട്ക്ളൈവിന്റെ ബ്രിട്ടീഷ് സേനയും ബംഗാൾ നവാബ് സിറാജ് ഉദ് ദൗളയുടെ സേനയും (9) അഹമ്മദ് ഷാ അബ്ദാലിയുടെ അഫ്ഗാൻ സൈന്യം (10) അലാവുദ്ദീൻ ഖിൽജി (11) നസീർ- ഉദ്- ദിൻ മുഹമ്മദ് ഷാ തുഗ്ളക്ക് (12) ഇബ്രാഹിം ലോധിയെ (13) അഫ്ഗാൻ സൈന്യത്തെ (14) കാബൂൾ (15) ഡൽഹി (16) 1542ൽ അമർകോട്ടിൽ (17) സിക്രി (18) ബുലന്ദ് ദർവാസ, ജാമി മസ് (19) ബീവി കാ മക്ബറ (20) ഷാജഹാൻ (21) നാദിർ ഷാ (22) താണ മിശ്ര (23) ലാഹോർ (24) 1562 (25) അക്ബർ (26) അക്ബർ (27) ജഹാംഗീർ (28) ജഹാംഗീറിന്റെ (29) ഷാജഹാന്റെ (30) മുംതാസ് മഹലിന്റെ (31) ഉസ്താദ് അഹ്മദ് ലഹൗറി (32) ഔറംഗസീബ് (33) ദൗലത്താബാദ് (34) മംഗോളിയ (35) അയ്ൻ - ഇ - അക്ബറി (36) പത്ത് (37) ഗുരു അർജൻ ദേവ് (38) ഗുരു ഗോബിന്ദ്സിംഗ് (39) ഗുരു അർജൻദേവ് (40) ഗുരു ഹർകിഷൻ

സിക്ക് മതത്തിൽ ആകെ എത്ര ഗുരുക്കന്മാരാണുള്ളത്?

1. ഒന്നാം തറൈൻ യുദ്ധം നടന്ന വർഷമേത്?
2. തറൈൻ യുദ്ധങ്ങൾക്ക് വേദിയായ തറൈൻ ഇപ്പോൾ ഏത് സംസ്ഥാനത്താണ്?
3. ആരുടെയൊക്കെ സേനകളാണ് ഒന്നാം പാനിപ്പത്ത് യുദ്ധത്തിൽ ഏറ്റുമുട്ടിയത്?
4. ഷേർഷാ സൂരി മുഗൾ രാജാവായ ഹുമയൂണിനെ പരാജയപ്പെടുത്തിയത് ഏത് യുദ്ധത്തിലാണ്?
5. അക്ബറുടെ സൈന്യം മേവാറിലെ രജപുത്രന്മാരെ തോല്പിച്ചത് ഏത് യുദ്ധത്തിൽ?
6. തളിക്കോട്ട യുദ്ധത്തിൽ സംയുക്ത സൈന്യമായി വിജയനഗരത്തിനെതിരെ അണിനിരന്ന ഭാമിനി രാജ്യങ്ങൾ ഏതൊക്കെ?
7. ഇന്ത്യയിൽ നിന്നും മയൂര സിംഹാസനവും കോഹിന്നൂർ രത്നവും കടത്തിക്കൊണ്ടുപോയ പേർഷ്യൻ ഭരണാധികാരിയാര്?
8. ആരൊക്കെ തമ്മിലായിരുന്ന പ്ളാസി യുദ്ധം?
9 മൂന്നാം പാനിപ്പത്ത് യുദ്ധത്തിൽ മറാത്തികളെ തോൽപ്പിച്ചതാര്?
10. ഏറ്റവും കൂടുതൽ കാലം ഭരണം നടത്തിയ ഡൽഹി സുൽത്താനാര്?
11. തിമൂറിന്റെ ആക്രമണകാലത്ത് ഡൽഹി സുൽത്താൻ ആരായിരുന്നു?
12. ഒന്നാം പാനിപ്പത്ത് യുദ്ധത്തിൽ ബാബർ ആരെയാണ് പരാജയപ്പെടുത്തിയത്?
13. 1529ലെ ഗോഗ്രായുദ്ധത്തിൽ ബാബർ പരാജയപ്പെടുത്തിയതാരെ?
14. 1531ൽ അന്തരിച്ച ബാബറുടെ ശവകുടീരം എവിടെയാണ് സ്ഥിതിചെയ്യുന്നത്?
15. ഹുമയൂണിന്റെ ശവകുടീരം സ്ഥിതിചെയ്യുന്നതെവിടെ?
16. അക്ബർ ജനിച്ചതെവിടെ?
17.1572 മുതൽ 1585 വരെ അക്ബറുടെ തലസ്ഥാനം ഏതായിരുന്നു?
18. ഫത്തേപൂർസിക്രിയിലെ പ്രധാന മന്ദിരങ്ങൾ ഏതെല്ലാം?
19. പാവപ്പെട്ടവന്റെ താജ്മഹൽ എന്നറിയപ്പെടുന്ന നിർമ്മിതിയേത്?
20. പതിനേഴാം നൂറ്റാണ്ടിൽ മയൂരസിംഹാസനം പണികഴിപ്പിച്ചത് ഏതു മുഗൾ ചക്രവർത്തിയാണ്?
21. 1739-ൽ മയൂര സിംഹാസനം ഇന്ത്യയിൽ നിന്ന് കൊണ്ടുപോയ പേർഷ്യൻ ആക്രമണകാരിയാര്?
22. ടാൻസന്റെ യഥാർത്ഥനാമം എന്തായിരുന്നു?
23. 1585 മുതൽ 1599 വരെ അക്ബറുടെ തലസ്ഥാനം ഏതായിരുന്നു?
24. ജിസിയ അക്ബർ നിറുത്തലാക്കിയതെന്ന്?
25. നിരക്ഷരനായ മുഗൾ ചക്രവർത്തിയായി വിശേഷിപ്പിക്കപ്പെടുന്നതാര്?
26. മാൻസബ്ദാരി എന്ന സൈനിക സമ്പ്രദായം നടപ്പാക്കിയ മുഗൾ ഭരണാധികാരിയാര്?
27. നീതിച്ചങ്ങല സ്ഥാപിച്ച മുഗൾ ഭരണാധികാരിയാര്?
28. ഇംഗ്ളണ്ടിലെ ജെയിംസ് ഒന്നാമൻ രാജാവിന്റെ അംബാസഡർമാരായ വില്യം ഹോക്കിൻസ്, തോമസ്റോ എന്നിവർ എത്തിയത് ഏതു മുഗൾ ഭരണാധികാരിയുടെ സദസിലാണ്?
29. മുഗളന്മാരുടെ സുവർണകാലം എന്നറിയപ്പെടുന്നത് ആരുടെ ഭരണകാലമാണ്?
30. ഷാജഹാൻ താജ്മഹൽ പണിതീർത്തത് ഏതു ഭാര്യയുടെ സ്മരണാർത്ഥമാണ്?
31. താജ്മഹലിന്റെ പ്രധാന ശില്പി ആരായിരുന്നു?
32. ഒമ്പതാമത്തെ സിഖ് ഗുരുവായ തേജ്ബഹദൂറിനെ വധിച്ച മുഗൾ ഭരണാധികാരിയാര്?
33. ഔറംഗസീബിന്റെ ശവകുടീരം എവിടെയാണ്?
34. മൻസബ്ദാരി സമ്പ്രദായം ഏതു രാജ്യത്തുനിന്ന് കടംകൊണ്ടതാണ്?
35. മുഗൾ ഭരണകാലത്തെ കാർഷിക വ്യവസ്ഥിതി വ്യക്തമാക്കുന്ന കൃതിയേത്?
36. സിഖ് മതത്തിൽ ആകെ എത്ര ഗുരുക്കന്മാരാണുള്ളത്?
37. അമൃത്സറിലെ സുവർണക്ഷേത്രം പണിത സിഖ് ഗുരുവാര്?
38. പത്താമത്തെ സിഖ് ഗുരു ആരായിരുന്നു?
39. മുഗൾ ചക്രവർത്തി ജഹാംഗീറിന്റെ ഭരണകാലത്ത് വധിക്കപ്പെട്ട സിക്ക് ഗുരുവാര്?
40. ബാലഗുരു എന്നറിയപ്പെടുന്ന സിക്ക് ഗുരു ആര്?

മിഷേലിന്റെ മരണം ആത്മഹത്യ തന്നെയെന്ന് സ്ഥിരീകരിച്ച് ക്രൈം ബ്രാഞ്ച്

കുറ്റപത്രം നൽകാൻ ഫോറൻസിക് റിപ്പോർട്ട് കാത്ത് അന്വേഷണസംഘം

കൊച്ചി: കൊച്ചി വാർഫിനോട്ചേർന്ന് മരിച്ചനിലയിൽ കണ്ടെത്തിയ സി.എ വിദ്യാർത്ഥിനി മിഷേൽ ഷാജി വർഗീസിന്റെ മരണം ആത്മഹത്യയെന്ന് സ്ഥിരീകരിച്ച് ക്രൈം ബ്രാഞ്ച്. കുറ്റപത്രം സമർപ്പിക്കാൻ സൈബർ ഫോറൻസിക് പരിശോധനാ ഫലം കാത്തിരിക്കുകയാണ് അന്വേഷണ ഉദ്യോഗസ്ഥർ. ആത്മഹത്യയിലേക്ക് നയിച്ച പ്രകോപനമെന്തെന്ന വിവരം ഫോറൻസിക് റിപ്പോർട്ടിൽ നിന്നും ലഭിക്കുമെന്ന പ്രതീക്ഷയിലാണ് ക്രൈം ബ്രാഞ്ച് സംഘം. ആത്മഹത്യാ പ്രേരണക്കുറ്റത്തിന് അറസ്റ്റിലായ ക്രോണിൻ ബേബി അലക്സാണ്ടറിൽ നിന്ന് പിടിച്ചെടുത്ത ഫോണിലെ മായ്ച്ചുകളഞ്ഞ മെസേജുകളിലെ ഉള്ളടക്കത്തെക്കുറിച്ചുള്ള നിർണായക വിവരങ്ങളാണ് ഈ റിപ്പോർട്ടിൽ ഉണ്ടാവുക.

സി.എ വിദ്യാർത്ഥിനി ആയിരുന്ന മിഷേൽ ഷാജിയുടെ മൃതദേഹം മാർച്ച് ആറിന് വൈകുന്നേരത്തോടെയാണ് കൊച്ചി കായലിൽ നിന്നു കണ്ടെത്തിയത്. തലേദിവസം കച്ചേരിപ്പടിയിലെ ഹോസ്റ്റലിൽ നിന്നും കലൂർ പള്ളിയിലേക്ക് പോയ മിഷേലിനെ പിന്നീട് കാണാതാവുകയായിരുന്നു. പ്രാഥമിക അന്വേഷണത്തിൽ മിഷേലിന്റെ മരണം ആത്മഹത്യയാണെന്നായിരുന്നു പൊലീസിന്റെയും നിഗമനം. എന്നാൽ ആത്മഹത്യ ചെയ്യത്തക്ക രീതിയിലുള്ള പ്രശ്നങ്ങൾ മിഷേലിന് ഉണ്ടായിരുന്നില്ലെന്നും മരണത്തിൽ ദുരൂഹതയുണ്ടെന്നും ആരോപിച്ച് ബന്ധുക്കൾ നൽകിയ പരാതിയെ തുടർന്ന് സർക്കാർ ക്രൈം ബ്രാഞ്ച് അന്വേഷണത്തിന് ഉത്തരവിടുകയായിരുന്നു.

ഡെങ്കിപ്പനി ബാധിച്ച് വീട്ടമ്മ മരിച്ചു

പോത്തൻകോട്: ഡെങ്കിപ്പനി ബാധിച്ച് ചികിത്സയിൽ കഴിഞ്ഞിരുന്ന വീട്ടമ്മ മരിച്ചു. കാട്ടായിക്കോണം ശാസ്തവട്ടം നസ്രത്ത് ഭവനിൽ ഓമനയാണ് (65) ഇന്ന രാവിലെ ഏഴ് മണിയോടെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ മരിച്ചത്. സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്ന ഓമനയെ അസുഖം കലശലായതിനെത്തുടർന്ന് 16നാണ് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റിയത്.

ജനമൈത്രി പൊലീസ് - കേരളകൗമുദി സ്ത്രീ സുരക്ഷാ ബോധവത്കരണസെമിനാർ 'അമ്മ അറിയാൻ' ഇന്ന്

നെടുമങ്ങാട്: കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാനും അതിക്രമങ്ങൾക്കെതിരെ പ്രതികരിക്കാൻ അവരെ പ്രാപ്തരാക്കുന്നതിന് അമ്മമാരെ ബോധവത്കരിക്കുന്നതിനുമായി ജനമൈത്രി പൊലീസിന്റെ സഹകരണത്തോടെ കേരളകൗമുദി സംഘടിപ്പിക്കുന്ന സ്ത്രീ സുരക്ഷാ ബോധവത്കരണ സെമിനാർ 'അമ്മ അറിയാൻ' ഇന്ന് നടക്കും.

വൈകിട്ട് മൂന്ന് മണിക്ക് നെടുമങ്ങാട് ഇന്ദ്രപ്രസ്ഥം ഹോട്ടൽ ഹാളിൽ ജില്ലാ പൊലീസ് മേധാവി പി. അശോക് കുമാർ സെമിനാർ ഉദ്ഘാടനം ചെയ്യും.

നെടുമങ്ങാട് മുനിസിപ്പൽ ചെയർമാൻ ചെറ്റച്ചൽ സഹദേവൻ അദ്ധ്യക്ഷത വഹിക്കും. കേരളകൗമുദി യൂണിറ്റ് ചീഫ് കെ. അജിത്കുമാർ സ്വാഗതം ആശംസിക്കും.

കേരളകൗമുദി ചീഫ് സർക്കുലേഷൻ മാനേജർ ജി. അനിൽകുമാർ ആമുഖപ്രഭാഷണം നടത്തും.

നഗരസഭ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എസ്. റഹിയാനത്ത് ബീവി, എസ്.എൻ.ഡി.പി യോഗം നെടുമങ്ങാട് യൂണിയൻ ചെയർമാൻ ഡി. പ്രേംരാജ്, എൻ.എസ്.എസ് താലൂക്ക് യൂണിയൻ പ്രസിഡന്റ് അഡ്വ. വി.എ. ബാബുരാജ്, കേരളകൗമുദി സർക്കുലേഷൻ മാനേജർ എസ്. വിക്രമൻ, നഗരസഭ ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഡി. അംബിക അന്തർജ്ജനം, ലയൻസ് ക്ളബ് പ്രസിഡന്റ് ഐഡിയൽ സന്തോഷ്, കേരളകൗമുദി ഏരിയ മാനേജർ കാച്ചാണി വി. പ്രദീപ്, സോപാനം ഐ.ടി ഡയറക്ടർ ഷിബു സോപാനം എന്നിവർ സംസാരിക്കും.

കേരളകൗമുദി നെടുമങ്ങാട് ലേഖകൻ കെ.എസ്. സുജിലാൽ നന്ദിപറയും.

തുടർന്ന് അഡ്വ. ശ്രീലാൽ ക്ലാസ് നയിക്കും.

സ്വീകരണം നൽകി

തിരുവനന്തപുരം: കേരള പ്രദേശ് മത്സ്യത്തൊഴിലാളി കോൺഗ്രസ് സംസ്ഥാന പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ആസ്റ്റിൻ ഗോമസിന് ഐ.എൻ.ടി.യു.സി നേതൃത്വത്തിലുള്ള ചുമട്ടുതൊഴിലാളികളും മത്സ്യത്തൊഴിലാളികളും സ്വീകരണം നൽകി.

വിഴിഞ്ഞം കോട്ടപ്പുറത്ത് നടന്ന സമ്മേളനം ഹെഡ്‌ലോഡ് ഫെഡറേഷൻ (ഐ.എൻ.ടി.യു.സി) സംസ്ഥാന ജനറൽ സെക്രട്ടറി ചാല നാസർ ഉദ്ഘാടനം ചെയ്തു.

ഡി.സി.സി ജനറൽ സെക്രട്ടറി അഡോൾഫ് മുറായിസ്, വിഴിഞ്ഞം റഷീദ്, മുക്കോല ഉണ്ണി, ബി.സി. മുത്തപ്പൻ, എഫ്. ഷാജി, മുജീബ് റഹ്മാൻ, ടെൺസൻ കാസ്ട്രോ എന്നിവർ പ്രസംഗിച്ചു.

ഡോ. മോഹൻദാസ് ഡയബറ്റിക് സെന്റർ തലസ്ഥാനത്ത്

തിരുവനന്തപുരം: ഡയബറ്റിക് കെയർ രംഗത്തെ ഇന്ത്യയിലെ മുൻനിര സ്ഥാപനമായ ഡോ. മോഹൻദാസ് ഡയബറ്റിക്സ് സ്പെഷ്യാലിറ്റീസ് സെന്റർ കേരളത്തിലെ ആദ്യ ക്ളിനിക് തിരുവനന്തപുരത്ത് തുടക്കം കുറിച്ചു. പട്ടം ഡാനിയൽസ് ടവറിലുള്ള കേന്ദ്രം കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്തു.

അൻവർ സാദത്ത് എം.എൽ.എ, സുരേന്ദ്രൻപിള്ള, ഡോ. മോഹൻദാസ് ഡയബറ്റിക്സ് സ്പെഷ്യാലിറ്റീസ് സെന്റർ ചെയർമാൻ ഡോ.വി. മോഹൻ, സി.ഇ.ഒ സുഭം ബർധൻ, മാനേജിംഗ് ഡയറക്ടർ ഡോ. ആർ. എം. അഞ്ജന, വൈസ് ചെയർമാൻ ഡോ. രഞ്ജിത്ത് ഉണ്ണിക്കൃഷ്ണൻ, കൺസൾട്ടന്റ് ഡയബറ്റോളജിസ്റ്റും തിരുവനന്തപുരം കേന്ദ്രത്തിന്റെ മേധാവിയുമായ ഡോ. എൽ. രാജ്മോഹൻ തുടങ്ങിയവർ പങ്കെടുത്തു.

ഡോ. മോഹൻദാസ് ഡയബറ്റിസ് സ്പെഷ്യാലിറ്റീസ് സെന്ററിന് രാജ്യവ്യാപകമായി 28 കേന്ദ്രങ്ങളുണ്ട്.

പ്രമേഹ - പാദ സംരക്ഷണം, പ്രമേഹ നേത്ര ചികിത്സാ യൂണിറ്റ്, പ്രമേഹവും പോഷകാഹാരവും, രോഗീവിദ്യാഭ്യാസം, പ്രമേഹരോഗികൾക്കുള്ള പാദരക്ഷകൾ തുടങ്ങിയ വിവിധ പ്രത്യേക വിഭാഗങ്ങളും ഇവിടെയുണ്ട്. ഇതോടൊപ്പം ഭക്ഷ്യ ഉത്പന്നങ്ങളും ഒരേ കുടക്കീഴിൽ ലഭ്യമാക്കുന്നുണ്ട്.

വേൾഡ് മലയാളി കൗൺസിൽ എൻ.ആർ.കെ. സംഗമം

തിരുവനന്തപുരം: വേൾഡ് മലയാളി കൗൺസിലിന്റെ നേതൃത്വത്തിലുള്ള നാലാമത് എൻ.ആർ.കെ. സംഗമവും പ്രവാസി നിക്ഷേപകരുടെ മീറ്റിംഗും ആഗസ്റ്റ് 4 മുതൽ 6 വരെ കോവളം കെ.ടി.ഡി.സി സമുദ്ര ഹോട്ടൽ കൺവെൻഷൻ സെന്ററിൽ നടക്കും.

സംഗമത്തിന്റെ നടത്തിപ്പിനായി ബേബി മാത്യു സോമതീരം (ചെയർമാൻ), ഷിബു വർഗീസ് അബുദാബി (വൈസ് ചെയർമാൻ), പി.വി. അനോജ്കുമാർ (ജനറൽ കൺവീനർ), സാജൻ വേളൂർ (പ്രോഗ്രാം കൺവീനർ), അജിത് കുമാർ (മീഡിയ ആൻഡ് പബ്ലിസിറ്റി കൺവീനർ), ലിജു മാത്യു (മിഡിൽ ഈസ്റ്റ് കോ - ഓർഡിനേറ്റർ) എന്നിവരടങ്ങുന്ന 51 അംഗ സ്വാഗതസംഘം രൂപീകരിച്ചു.

കർഷക കോൺഗ്രസ് ജില്ലാ കമ്മിറ്റി

തിരുവനന്തപുരം: കർഷക കോൺഗ്രസ് തിരു. ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച രാജീവ്ഗാന്ധി അനുസ്മരണ സമ്മേളനം വി.എസ്. ശിവകുമാർ എം.എൽ.എ ഉദ്ഘാടനം ചെയ്തു.

ജില്ലാ പ്രസിഡന്റ് കെ.എസ്. അനിൽ അദ്ധ്യക്ഷത വഹിച്ചു.

കാട്ടായിക്കോണം ഡി. കൃഷ്ണൻ, ശാസ്തമംഗലം വനജൻ, എം.എൽ. ഉഷാരാജ്, ആനത്താനം രാധാകൃഷ്ണൻ, നാരായണിപുരം ശശി, കുറ്റിക്കാട് ജയകുമാർ, അഡ്വ. ഷറഫുദ്ദീൻ, തോംസൺ ലോറൻസ്, ഷെമി, ജയന്തി, തോന്നയ്ക്കൽ റഷീദ്, പാളയം ഉദയൻ, പ്രഭാകരൻനായർ തുടങ്ങിയവർ പങ്കെടുത്തു.

കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ: ഡയറക്ടർ: 0471- 2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

വിൻവിൻ W-411 നറുക്കെടുപ്പ് ഫലം 22.05.2017

ശ്രീ ചിത്രാഹോം ആഡിറ്റോറിയം, പഴവങ്ങാടി, കിഴക്കേകോട്ട, തിരുവനന്തപുരം

ഒന്നാം സമ്മാനം 65 ലക്ഷം രൂപ WU 533458 (തൃശ്ശൂർ)

സമാശ്വാസ സമ്മാനം 10,000 രൂപ

WM 533458 WO 533458 WP 533458 WS 533458 WT 533458 WW 533458 WX 533458 WY 533458 WZ 533458

2-ാം സമ്മാനം 5 ലക്ഷം രൂപ WT 220342 (തിരുവനന്തപുരം)

3-ാം സമ്മാനം 1,00,000 രൂപ

WM 306043 (കൊല്ലം) WO 180522 (തൃശ്ശൂർ) WP 257622 (എറണാകുളം) WS 281917 (പാലക്കാട്) WT 877263 (പത്തനംതിട്ട) WU 177875 (എറണാകുളം) WW 590157 (കൊല്ലം) WX 619659 (പാലക്കാട്) WY 575268 (ഇടുക്കി) WZ 154693 (കൊല്ലം)

താഴെപറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

4-ാം സമ്മാനം 10,000 രൂപ

50749

5-ാം സമ്മാനം 5,000 രൂപ

0770	1223	1243	1492	1778	1793	3258	3956	4577	5047
			5606	8331	8616	9205			

6-ാം സമ്മാനം 1,000 രൂപ

0085	0674	0815	1163	2244	2659	2800	3532	4129	4403
5953	6262	6320	6614	7171	7285	7523	7560	7636	7723
		8097	8179	8407	9975				

7-ാം സമ്മാനം 500 രൂപ

0109	0577	1445	1467	1669	1710	1890	1999	2357	2752
2919	3217	3328	3351	3375	3849	4037	4286	4378	5420
5704	5901	6194	6299	6342	6540	6694	7166	7193	7393
7556	7568	7878	7892	8245	8805	9242	9268	9940	9954

8-ാം സമ്മാനം 100 രൂപ

0320	0460	0757	0775	0862	0870	0974	0978	1291	1347
1536	1543	1640	1749	1799	2175	2199	2207	2249	2363
2487	2586	2667	2783	3676	3777	3877	4140	4351	4435
4614	4692	4867	4987	4996	5014	5016	5020	5284	5453
5515	5588	5846	5854	6100	6369	6388	6600	6624	6665
6745	6995	7195	7257	7447	7490	7584	7863	7922	7943
8060	8717	8857	9030	9166	9314	9459	9889	9907	9950

(ഒപ്പ്) റ്റി. സുരേഷ് കുമാരി, ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം.
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക.

അടുത്ത വിൻ-വിൻ നറുക്കെടുപ്പ് 29.05.2017

ശ്രീ ചിത്രാ ഹോം ആഡിറ്റോറിയം, പഴവങ്ങാടി, കിഴക്കേക്കോട്ട, തിരുവനന്തപുരം.